**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2833** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള പെരുപ്പത്തിനോടൊപ്പം വനത്തിനുള്ളിൽ ഭക്ഷണ വസ്തുക്കളുടെ ദൗർലഭ്യതയും മൃഗങ്ങൾ കാടിറങ്ങുന്നതിനു മുഖ്യഹേതുവാകുന്നതിനാൽ വനത്തിനുള്ളിൽ ജലസ്രോതസ്സും ഭക്ഷണലഭ്യതയും വർദ്ധിപ്പിച്ച് മൃഗങ്ങൾ കാടിറങ്ങുന്നതു തടയുന്നതിന് പദ്ധതിയുണ്ടോ; | (എ) | വന്യജീവികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വന്യജീവികളുടെ ആവാസ വ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചു പിടിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്.<br><br>വനത്തിനുള്ളിൽ ജലലഭ്യതയുറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവ ഉപയോഗിച്ച് താത്ക്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ്, എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഭക്ഷണ ലഭ്യത ഉറപ്പാക്കുന്നതിന് വയലുകളിൽ കാണപ്പെടുന്ന കളകളുടെ നിർമ്മാർജ്ജനം കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തി വരുന്നു. |
| (ബി) | വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി വനത്തിനുള്ളിലെ അധിനിവേശ സസ്യങ്ങളും മഞ്ഞക്കൊന്നയുൾപ്പെടെ അതിദ്രുതം വ്യാപിച്ച് തീറ്റ സസ്യങ്ങൾ ഇല്ലാതാക്കുന്ന സസ്യങ്ങളും നശിപ്പിക്കാൻ പദ്ധതിയുണ്ടോ; | (ബി) | പദ്ധതിയുണ്ട്. സ്വാഭാവിക വനങ്ങൾക്ക് ഭീഷണിയായി മഞ്ഞക്കൊന്ന (സെന്ന) ഇനത്തിൽപ്പെട്ട അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനം ചെയ്യുന്നതിനായി നബാർഡ്/ആർ.കെ.ഡി.പി. |

| | | | |
|---|---|---|---|
| | | | പദ്ധതികളിൽ ഉൾപ്പെടുത്തി മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ടി 13-04-2022-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 17/2022/വനം-വന്യജീവി വകുപ്പ് പ്രകാരം വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 621.78 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് (RKI) ഡിപ്പാർട്ട്മെൻറിൽ നിന്നും സർക്കാർ ഉത്തരവ് G.O(Rt)No.396/2022/P&EA dated 20-10-2022 പ്രകാരം 100 കോടി രൂപ അനുവദിച്ചിരുന്നു. ആദ്യഘട്ടത്തിൽ (Phase –I) പ്രകാരം 40 കോടി 5475-00-115-94-post flood project under rebuild Kerala initiative (P) എന്ന ഹെഡിൽ ലഭിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ തോൽപ്പെട്ടി റെയിഞ്ചിലെ ബ്ലോക്ക് നം. റ്റി-22, മുത്തങ്ങ റെയിഞ്ചിലെ ബ്ലോക്ക് നമ്പർ M-10 ന്റെ Site specific plan, Principal Chief Conservator of Forests & Special Officer (RKDP) അംഗീകരിച്ച് നൽകിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് വനത്തിനകത്ത് മുളയുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. വ്യാവസായിക ആവശ്യത്തിനായി വച്ചുപിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ് പ്ലാൻ വ്യവസ്ഥയ്ക്ക് വിധേയമായി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | വന്യമൃഗങ്ങളുടെ ജനന നിയന്ത്രണ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തതു ഒഴിവാക്കിക്കിട്ടുന്നതിനു നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | വന്യമൃഗങ്ങളുടെ ജനന നിയന്ത്രണ നടപടികൾ ബഹു. സുപ്രീം കോടതി സ്റ്റേ ചെയ്തത് ഒഴിവാക്കി കിട്ടുന്നതിന് നിയമ നടപടി നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ